118 (2496) എസ്.എൽ.ആർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987-ലെ ശമ്പള സ്കെയിലാണ് എസ്.എൽ.ആർ. ജീവനക്കാർക്ക് ഇപ്പോഴും ലഭിക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്. എൽ. ആർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുവാൻ ജി.ഒ. (ആർ.റ്റി) 127/96/പൊ.മ.വ. തീയതി 23.1.96 നിയോഗിച്ച് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുവോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ജി.ഒ. (എം.എസ്) 47/92/പി. ഡബ്ല്യൂ. ആന്റ് ടി തീയതി 18.5.92 പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചുവോ; എങ്കിൽ അതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചത്;

(ഇ) എസ്.എൽ.ആർ. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാൻ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനയയ്ക്കുകയും ധനകാര്യവകുപ്പ് നിരാകരിക്കുകയും ചെയ്തു.

(ഡി) 18.5.92 ലെ ജി. ഒ.(എം.എസ്) 47/92/പി. ഡബ്ല്യൂ. ആന്റ് ടി) ഉത്തരവ് പ്രകാരം നിയമിച്ച കമ്മിറ്റി സാങ്കേതികമായ കാരണങ്ങളാൽ അതിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയാത്തതിനാൽ 15.11.95 ലെ ജി.ഒ. (എം. എസ്) 180/95/പി. ഡബ്ല്യൂ. ആന്റ് ടി പ്രകാരം ഒരു പുതിയ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടാണ് ധനകാര്യ വകുപ്പ് നിരസിച്ചിട്ടുള്ളത്.

(ഇ) ധനകാര്യവകുപ്പ് നിരാകരിച്ച സാഹചര്യത്തിൽ പുന:പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

119 (2497) ആലത്തൂർ മണ്ഡലത്തിലെ മരാമത്ത് പണികൾ

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം മരാമത്ത് വർക്കുകൾക്കാണ് നടപ്പു സാമ്പത്തിക വർഷത്തിൽ സർക്കാർ ധനസഹായം നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക വിവിധ മരാമത്തു പണികൾക്കായി അനുവദിച്ചിട്ടുണ്ടോ; എത്ര തുക ചെലവായി; വിശദവിവരം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ 5 വർഷകാലം മരാമത്ത് പണികൾക്കായി എന്തു തുക നൽകിയിട്ടുണ്ടായിരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷം ധനസഹായം നൽകാൻ തെരഞ്ഞെടുത്തിട്ടുള്ള മരാമത്ത് വർക്കുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയോജകമണ്ഡലം തിരിച്ച് വർക്കുകളുടെ കണക്കെടുക്കാറില്ല.

(ബി),(സി)&(ഡി) എ വിഭാഗത്തിന്റെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

120 (2498) ജലവൈദ്യുത പദ്ധതികളുടെ മൊത്തം സ്ഥാപിത ശേഷി

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി ;
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മീഷൻ ചെയ്ത ജലവൈദ്യുത പദ്ധതികളുടെ പേരും, സ്ഥാപിതശേഷിയും കമ്മീഷൻ ചെയ്ത തീയതിയും വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ ജലവൈദ്യുത പദ്ധതികളുടെ മൊത്തം സ്ഥാപിതശേഷി എത്ര മെഗാവാട്ടാണെന്ന് വ്യക്തമാക്കുമോ;

(സി) 1998-99 സാമ്പത്തിക വർഷത്തിൽ ജലവൈദ്യുത പദ്ധതികൾ മുഖേന ഉല്പാദിപ്പിച്ച വൈദ്യുതി എത്ര യൂണിറ്റാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം ഉല്പാദിപ്പിച്ച ഒരു യൂണിറ്റ് വൈദ്യുതിയുടെ 1998-99 ലെ ഉല്പാദനച്ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ:

(ഇ) വൈദ്യുത ബോർഡിന്റെ കീഴിലുള്ള വൈദ്യുതി നിലയങ്ങളുടെ മൊത്തം സ്ഥാപിതശേഷി എത്ര മെഗാവാട്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട്	സ്ഥാപിതശേഷി	കമ്മിഷൻ ചെയ്ത തീയതി
പേപ്പാറ	3 മെഗാവാട്ട്	15.06.96
ലോവർ പെരിയാർ	180 മെഗാവാട്ട്	25.10.97
മാട്ടുപ്പെട്ടി, പെരിങ്ങൽകുത്ത്	2 മെഗാവാട്ട്	16.01.98
ഇടതുകര	16 മെഗാവാട്ട്	20.03.99

LIBRARY ARCHIVES Kerala Legislative Assembly